(ബി) ഉത്തരം (എ)യിൽ പറഞ്ഞിട്ടുള്ള കേസ്സുകളിൽ പോസ്റ്റുകൾ സൗജന്യമായി (ടെണ്ടർ അടിസ്ഥാനത്തിൽ) ആണ് സ്ഥാപിക്കുന്നത്. അത്തരത്തിൽ പോസ്റ്റുകൾ സ്ഥാപിക്കുമ്പോൾ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് കണക്ഷൻ കിട്ടാവുന്നവിധം ശ്രദ്ധിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സാമ്പത്തിക പരിമിതികൾ അനുവദിക്കുംവിധം പരിഗണന നൽകുന്നുണ്ട്.

(ഡി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്†.

വൈദ്യുതി കണക്ഷൻ അപേക്ഷയ്ക്കുള്ള നടപടി ക്രമങ്ങളിലെ ബുദ്ധിമുട്ടുകൾ

14 (2292) ശ്രീ. യു. സി. രാമൻ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗാർഹിക വൈദ്യുതി കണക്ഷനുവേണ്ടിയുള്ള അപേക്ഷകർക്ക് നിലവിലുള്ള നടപടിക്രമങ്ങൾ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കണക്ഷനുള്ള അപേക്ഷാഫാറം വാങ്ങിക്കഴിഞ്ഞവർക്ക് ഓർഡറിനു വേണ്ടിയുള്ള അപേക്ഷ നൽകുന്നതിന് സീൽ വെയ്ക്കുന്ന ഇലക്ട്രീഷ്യനും കംപ്ലീഷൻ റിപ്പോർട്ടിൽ സീൽ വെയ്ക്കുന്ന ഇലക്ട്രീഷ്യനും ഒരേ ആൾ തന്നെ ആയിരിക്കണമെന്ന നിർബന്ധം നിലവിലുണ്ടോ ;

(സി) എങ്കിൽ ഈ വ്യവസ്ഥ അപേക്ഷകരെ ഇലക്ട്രീഷ്യന്റെ ചൂഷണത്തിനു വിധേയമാക്കുമെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇക്കാര്യം ഗൗരവമായി പരിഗണിച്ച് അപേക്ഷയുടെ വിവിധ സ്റ്റേജുകളിൽ ലൈസൻസുള്ള ഒരേ ഇലക്ട്രീഷ്യൻ തന്നെ ഒപ്പ് വയ്ക്കണമെന്ന നിബന്ധനയ്ക്കു പകരം ലൈസൻസുള്ള ഇലക്ട്രീഷ്യന്റെ ഒപ്പ് ഉണ്ടായിരിക്കണമെന്ന് മാത്രമാകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വർക്ക് ഓർഡർ നൽകുന്നത് അപേക്ഷകൻ തന്നെ നൽകുന്ന കോൺട്രാക്ടർ, സൂപ്പർവൈസർ, വയർമാൻ എന്നിവരുടെ പേരുവിവരങ്ങളുടേയും നമ്പരിന്റെയും അടിസ്ഥാനത്തിലാണ്. ആയതിനാൽ ഇവരുടെ ഒപ്പോ, സീലോ

---

† അനുബന്ധം II കാണുക

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമില്ല. എന്നാൽ കംപ്ലീഷൻ റിപ്പോർട്ടിൽ ടി പേരുകാർ തന്നെ ഒപ്പിട്ടിരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഇവരുടെ ലൈസൻസും പെർമിറ്റും പരിശോധിക്കുക മാത്രമേ ചെയ്യുന്നുള്ളൂ. ഇക്കാര്യം ഇന്ത്യൻ ഇലക്ട്രിസിറ്റി റൂൾസ് പ്രകാരമാണ് ചെയ്യുന്നത്.

(സി&ഡി) അത്തരത്തിൽ ചൂഷണം നടക്കുന്നുവെങ്കിൽ അപേക്ഷകന് ബന്ധപ്പെട്ട ഇലക്ട്രീഷ്യന്റെ പേരിൽ നിയമനടപടികൾ സ്വീകരിക്കാവുന്നതാണ്.

വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനും നിരക്കിൽ ഇളവ് ലഭിക്കുന്നതിനും അർഹരായ വിഭാഗങ്ങൾ

15 (2293) ശ്രീ. സാജുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിനും നിരക്കിൽ ഇളവ് അനുവദിക്കുന്നതിനും ഏതൊക്കെ സ്ഥാപനങ്ങൾക്കും സംഘടനകൾക്കും മതവിഭാഗങ്ങൾക്കും ആണ് നിലവിൽ പ്രത്യേക പരിഗണനയും മുൻഗണനയും നല്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) വിവിധ വിഭാഗം ഉപഭോക്താക്കളിൽ നിന്നും ഈടാക്കിവരുന്ന നിരക്കുകളുടേയും വിവിധ ഇനം ഫീസുകളുടേയും വിശദവിവരം അറിയിക്കുമോ ;

(സി) ഏതെങ്കിലും വ്യാപാര-വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾക്ക് വൈദ്യുതി ചാർജിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആർക്കെല്ലാം ഏതൊക്കെ വ്യവസ്ഥകൾ പ്രകാരമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 500 വാട്സ് വരെ കണക്റ്റഡ് ലോഡുള്ള ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് വൈദ്യുതി കണക്ഷൻ സൗജന്യമായി നൽകാറുണ്ട്. ഇത്തരം വിഭാഗങ്ങളിൽ 20 യൂണിറ്റിൽ താഴെ പ്രതിമാസം ഉപയോഗമുള്ളവർക്ക് വൈദ്യുതി സൗജന്യമായും നൽകുന്നു. കൂടാതെ അമ്പലങ്ങൾ, മുസ്ലീംപള്ളികൾ, ക്രിസ്ത്യൻ പള്ളികൾ തുടങ്ങിയ ആരാധനാലയങ്ങൾ, സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള അനാഥാലയങ്ങൾ, ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ചാരിറ്റബിൾ ഫോംസ് തുടങ്ങിയവയ്ക്ക് മുൻഗണനാക്രമത്തിൽ കണക്ഷൻ നൽകാനുണ്ട്. ഇവയെ കണക്ഷൻ നിരക്കായ എൽ.റ്റി.6-എ. മുതൽ 6-ബി,വരെയുള്ള താരിഫിൽപ്പെടുത്തിയാണ് ചാർജ് ചെയ്യുന്നത്. കൂടാതെ കാർഷികം, വ്യവസായം, തെരുവുവിളക്ക് എന്നീ വിഭാഗങ്ങൾക്കും ഇളവ് അനുവദിച്ചുകൊണ്ടുള്ള വൈദ്യുതി നിരക്കുകളാണ് നിശ്ചയിച്ചിട്ടുള്ളത്.

(ബി) വിവിധ വിഭാഗം ഉപഭോക്താക്കളിൽനിന്നും ഈടാക്കിവരുന്ന ഫീസുകളുടെ വിശദവിവരം അനുബന്ധം 1 ആയും* നിരക്കുകളുടെ വിവരം അനുബന്ധം 2 ആയും ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly